## മധുരമായ കുട്ടികളേ - നിങ്ങൾ റിഫ്രെഷാകുന്നതിന് വേണ്ടി ബാബയുടെ അടുക്കൽ വന്നിരിക്കുന്നു, ബാബയുമായി മിലനം നടത്തുമ്പോൾ എല്ലാ ക്ഷീണവും അകലുന്നു

**ചോദ്യം:-** ഏതു വിധിയിലൂടെ നിങ്ങൾ കുട്ടികളെ ബാബ റീഫ്രെഷാക്കുന്നു?
**ഉത്തരം:-** 1 ബാബ ജ്ഞാനം കേൾപ്പിച്ച് കേൾപ്പിച്ച് നിങ്ങളെ റീഫ്രെഷാക്കുന്നു. 2. ഓർമ്മയിലൂടെ തന്നെയാണ് നിങ്ങൾ കുട്ടികൾ റീഫ്രെഷാകുന്നത്. വാസ്തവത്തിൽ സത്യയുഗമാണ് സത്യമായ വിശ്രമപുരി. പരിശ്രമിച്ചു പ്രാപ്തമാക്കുന്നതിനായി അവിടെ അപ്രാപ്തമായ ഒരു വസ്തുവും ഉണ്ടായിരിക്കില്ല. 3. ശിവബാബയുടെ മടിയിൽ വരുമ്പോൾ തന്നെയാണ് നിങ്ങൾ കുട്ടികൾക്ക് വിശ്രമം ലഭിക്കുന്നത്. മുഴുവൻ ക്ഷീണവും ഇല്ലാതാകുന്നു.

**ഓം ശാന്തി.** ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു, ഒപ്പം ഈ ബ്രഹ്മാവും മനസ്സിലാക്കിത്തരുന്നുണ്ട് കാരണം ബാബ ഈ ദാദയിലൂടെയാണ് മനസ്സിലാക്കി ത്തരുന്നത്. നിങ്ങൾ മനസ്സിലാക്കുന്നതു പോലെ ഈ ദാദയും മനസ്സിലാക്കുന്നു. ദാദയെ ഭഗവാനെന്ന് വിളിക്കില്ല, ഇതു ഭഗവാന്റെ വാക്കുകളാണ്. ബാബ എന്താണ് മനസ്സിലാക്കിത്തരുന്നത്? ദേഹീ അഭിമാനിയായി ഭവിക്കൂ എന്തുകൊണ്ടെന്നാൽ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കാതെ ബാബയെ ഓർമ്മിക്കാൻ സാധിക്കില്ല. ഈ സമയത്ത് സർവ്വ ആത്മാക്കളും പതീതമാണ്. പതീതമായവരെ മനുഷ്യനെന്ന് വിളിക്കും, പാവനമായവരെ ദേവതകൾ എന്നും വിളിക്കുന്നു. ഇതു നല്ലതു പോലെ മനസ്സിലാക്കുന്നതിനും പറഞ്ഞുകൊടുക്കുന്നതിനുമുള്ള കാര്യമാണ്. അല്ലയോ പതീതരെ പാവനമാക്കുന്നവനേ വരൂ എന്ന് പറഞ്ഞ് മനുഷ്യർ തന്നെയാണ് വിളിക്കുന്നത്. ദേവീ ദേവതകൾ ഇങ്ങനെ ഒരിക്കലും വിളിക്കില്ല. പതിത പാവനായ ബാബ പതിതർ വിളിക്കുമ്പോൾ തന്നെയാണ് വരുന്നത്. ആത്മാക്കളെ പാവനമാക്കി പുതിയ ലോകം സ്ഥാപിക്കുന്നു. ആത്മാവു തന്നെയാണ് ബാബയെ വിളിക്കുന്നത്, ശരീരം വിളിക്കില്ല. സദാ പാവനാമായ പാരലൗകിക പിതാവിനെത്തന്നെയാണ് സർവ്വരും ഓർമ്മിക്കുന്നത്. ഇതാണ് പഴയ ലോകം. ബാബ പുതിയ ലോകം സ്ഥാപിക്കുന്നു. ചിലർ പറയുന്നു ഞങ്ങൾക്ക് ഇവിടെ അപാര സുഖം തന്നെയാണ്, സമ്പത്തും ഒരുപാടുണ്ട്. അവർ വിചാരിക്കുന്നു ഇതു തന്നെയാണ് നമ്മുടെ സ്വർഗം. അവർ നിങ്ങൾ പറയുന്നതെങ്ങനെ അംഗീകരിക്കും? കലിയുഗീ ലോകം സ്വർഗമാണെന്ന് വിചാരിക്കുന്നതും അജ്ഞാനമാണ്. എത്രമാത്രം ജീർണ്ണിച്ച അവസ്ഥയായിരിക്കുന്നു. എങ്കിലും മനുഷ്യർ പറയും നമ്മൾ സ്വർഗത്തിലാണെണ്. കുട്ടികൾ ഇതു മനസ്സിലാക്കിക്കൊടുക്കുന്നില്ലെങ്കിൽ ബാബ ചോദിക്കില്ലേ നിങ്ങളെന്താ കല്ലുബുദ്ധികളാണോ? മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ലേ? സ്വയം പവിഴബുദ്ധിയായാലേ മറ്റുള്ളവരേയും പവിഴബുദ്ധിയാക്കാനാകൂ. നല്ലതു പോലെ പുരുഷാർത്ഥം ചെയ്യണം. ഇതിൽ ലജ്ജിക്കേണ്ട കാര്യമില്ല. എന്നാൽ അരകൽപ്പമായി മനസ്സിൽ നിറഞ്ഞിരിക്കുന്ന തലകീഴായ കാര്യങ്ങൾ മനുഷ്യർ പെട്ടെന്നൊന്നും മറക്കില്ല. ബാബയെ യഥാർത്ഥ രീതിയിൽ തിരിച്ചറിയാത്ത സമയം വരെ ആ ശക്തി വരില്ല. ബാബ പറയുന്നു ഈ വേദ ശാസ്ത്രങ്ങളിലൂടെ മനുഷ്യർ പരിവർത്തനപ്പെടില്ല. ദിനംപ്രതിദിനം കൂടുതൽ മോശമായിക്കൊണ്ടിരിക്കുന്നു. സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായിമാറി. നമ്മൾ തന്നെയാണ് സതോപ്രധാന ദേവതകളായിരുന്നത്, പിന്നെ എങ്ങനെ അധഃപതിച്ചു ഇതൊന്നും ആരുടെയും ബുദ്ധിയിലില്ല. ആർക്കും അൽപം പോലും അറിയില്ല, 84 ജന്മങ്ങൾ എന്നതിന് പകരം 84 ലക്ഷം ജന്മങ്ങൾ എന്ന് പറയുന്നു. പിന്നെങ്ങനെ അറിയാൻ സാധിക്കും. ബാബയെ കൂടാതെ ജ്ഞാനത്തിന്റെ പ്രകാശം നൽകാൻ ആർക്കും സാധിക്കില്ല. സർവ്വരും ഓരോരുത്തരുടേയും പിറകെ വാതിലുകൾ തോറും കയറിയിറങ്ങി കഷ്ടപ്പെടുകയാണ്. അധഃപതിച്ച് താഴെയെത്തി, സർവ്വ ശക്തികളും നഷ്ടമായി. ബാബയെ യഥാർത്ഥരീതിയിൽ മനസ്സിലാക്കാൻ ബുദ്ധിൽ ശക്തിയില്ല. ബാബ തന്നെയാണ് വന്ന് സർവ്വരുടേയും ബുദ്ധിയുടെ പൂട്ട് തുറന്ന് തരുന്നത്. അപ്പോൾ എത്രമാത്രം റിഫ്രെഷാകുന്നു. ബാബയുടെ അടുക്കൽ കുട്ടികൾ റിഫ്രെഷാകുന്നതിന് വേണ്ടിയാണ് വരുന്നത്. വീട്ടിലാകുമ്പോൾ വിശ്രമം ലഭിക്കും. ബാബയെ ലഭിച്ചുകഴിഞ്ഞാൽ പിന്നീട് ഭക്തിമാർഗത്തിലെ സർവ്വബുദ്ധിമുട്ടുകളും ഇല്ലാതാകുന്നു. സത്യയുഗത്തിനെ വിശ്രമപുരി എന്ന് പറയുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് എത്രമാത്രം വിശ്രമമാണ് ലഭിക്കുന്നത്. പരിശ്രമിച്ച് നേടേണ്ട തരത്തിൽ അവിടെ അപ്രാപ്തമായ ഒരു വസ്തുവും ഉണ്ടായിരിക്കില്ല. ഇവിടെ ശിവബാബയും റീഫ്രെഷാക്കുന്നു, ഈ ദാദയും റിഫ്രെഷാക്കുന്നു. ശിവബാബയുടെ മടിത്തട്ടിലേക്ക് വരുമ്പോൾ എത്രമാത്രം വിശ്രമം ലഭിക്കുന്നു. വിശ്രമിക്കുക അർത്ഥം ശാന്തരാകുക. മനുഷ്യരും ക്ഷീണിതരാകുമ്പോൾ വിശ്രമിക്കാറുണ്ട്. പലരും പല-പല സ്ഥലങ്ങളിലും പോയി വിശ്രമിക്കാറുണ്ട്. എന്നാൽ അങ്ങനെ വിശ്രമിച്ചാലും റിഫ്രെഷാകില്ല. ബാബയെ ഓർമ്മിക്കുമ്പോൾ എത്രമാത്രം റീഫ്രെഷാകുന്നു, നമ്മൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകുന്നു.

സതോപ്രധാനമാകുന്നതിന് വേണ്ടിയാണ് ബാബയുടെ അടുക്കൽ വരുന്നത്. ബാബ പറയുന്നു, മധുര മധുരമായ കുട്ടികളേ ബാബയെ ഓർമ്മിക്കു... ഈ സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങുന്നത്, സർവ്വ ആത്മാക്കൾക്കും വിശ്രമം എങ്ങനെ ലഭിക്കും. എവിടെ ലഭിക്കും ഇതെല്ലാം ബാബ മനസ്സിലാക്കിത്തരുന്നു. ബാബയുടെ സന്ദേശം സർവ്വർക്കും നൽകുക എന്നത് നിങ്ങൾ കുട്ടികളുടെ കടമയാണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ ഈ സമ്പത്തിന്റെ അധികാരിയാകും. ബാബ ഈ സംഗമയുഗത്തിൽ വന്ന് പുതിയ ലോകം രചിക്കുന്നു. അവിടെ നിങ്ങൾ പോയി അധികാരിയാകുന്നു. പിന്നീട് ദ്വാപരയുഗത്തിൽ മായാരാവണനിൽ നിന്ന് നിങ്ങൾക്ക് ശാപം ലഭിക്കുന്നു. അങ്ങനെ പവിത്രതയും, സുഖവും, ശാന്തിയും, സർവ്വതും നഷ്ടമാകുന്നു. എങ്ങനെയാണ് പതുക്കെപ്പതുക്കെ നഷ്ടപ്പെടുന്നതെന്ന് ബാബ മനസ്സിലാക്കിത്തരുന്നു. ദു:ഖധാമത്തിൽ ഒരു വിശ്രമവും ലഭിക്കുന്നില്ല. സുഖധാമത്തിൽ പൂർണ്ണമായും വിശ്രമമാണ്. ഭക്തി മനുഷ്യനെ എത്രമാത്രം കഷ്ടപ്പെടുത്തുന്നു. ജന്മജന്മാന്തരം ഭക്തി ചെയ്യുന്നതിലൂടെ എത്ര മാത്രം ക്ഷീണിച്ചു പോകുന്നു. എങ്ങനെ പൂർണ്ണമായും ദരിദ്രരായി എന്ന രഹസ്യവും ബാബയിരുന്ന് കേൾപ്പിക്കുന്നു. പുതിയവർ വരുമ്പോൾ അവർക്ക് എത്ര മാത്രം മനസ്സിലാക്കിക്കൊടുക്കേണ്ടി വരുന്നു. ഓരോ കാര്യത്തെറിച്ചും മനുഷ്യർ എത്ര മാത്രം ചിന്തിക്കുന്നു. ഇത് ജാലവിദ്യയല്ലേ എന്നും വിചാരിക്കുന്നു. നിങ്ങളല്ലേ പറയുന്നത് , ഭഗവാൻ ജാലവിദ്യക്കാരനാണ് എന്ന്. അപ്പോൾ ബാബ പറയുന്നു ശരിയാണ് ഞാൻ തീർച്ചയായും ജാലവിദ്യക്കാരൻ തന്നെയാണ്. എന്നാൽ മനുഷ്യനെ ആടാക്കുന്ന ജാലവിദ്യയല്ല ബാബ കാണിക്കുന്നത്. ബുദ്ധി കൊണ്ട് മനസ്സിലാക്കാം ഇവർ ആടിനെപ്പോലെയാണ്.ആടിനെന്ത് സംഗീതമാണ് അറിയുക.. എന്ന് പഴമൊഴിയുമുണ്ടല്ലോ. ഇന്നത്തെ എല്ലാ മനുഷ്യരും ബുദ്ധിയില്ലാത്ത ചെമ്മരിയാടുകളെപ്പോലെയാണ്, ഈ കാര്യങ്ങളെല്ലാം ഈ സമയത്തെക്കുറിച്ചാണ്. കൽപത്തിന്റെ അവസാനമാണെന്ന് പോലും മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ചണ്ഡികക്ക് എത്ര വലിയ ഉത്സവം നടത്തുന്നുണ്ട്. ചണ്ഡിക ആരായിരുന്നു? പറയുന്നത് അവർ ഒരു ദേവിയായിരുന്നു എന്നാണ്. സത്യയുഗത്തിൽ ചണ്ഡിക എന്ന പേരില്ല. സത്യയുഗത്തിൽ എത്ര സുന്ദരമായ പേരുകളാണുള്ളത്. സത്യയുഗീ സമ്പ്രദയത്തിനെ ശ്രേഷ്ഠാചാരി എന്നാണ് പറയുന്നത്. കലിയുഗീ സമ്പ്രദായത്തിൽ എത്ര മോശമായ പേരുകളാണ് നൽകിയിരിക്കുന്നത്. ഇപ്പോഴുള്ള മനുഷ്യരെ ശ്രേഷ്ഠാചാരികൾ എന്ന് പറയില്ല. ദേവതകളെ ശ്രേഷ്ഠർ എന്ന് പറയും. യുദ്ധമില്ലാതെ മനുഷ്യനെ ദേവതയാക്കി എന്ന് മഹിമയുണ്ട്. മനുഷ്യനിൽ നിന്നും ദേവത, ദേവതയിൽ നിന്നും മനുഷ്യൻ ഇതാകുന്നത് എങ്ങനെയാണെന്നുള്ള രഹസ്യം ബാബ നമുക്ക് പറഞ്ഞു തരുന്നു. അതിനെ ദേവതാലോകം എന്നും, ഇതിനെ മനുഷ്യ ലോകം എന്നും പറയും. പകലിനെ വെളിച്ചമെന്നും, രാത്രിയെ അന്ധകാരമെന്നും പറയും. ജ്ഞാനമാണ് പ്രകാശം, ഭക്തിയാണ് അന്ധകാരം. അജ്ഞാന നിദ്ര എന്ന് പറയാറില്ലേ. നിങ്ങൾക്കറിയാം മുൻപ് നമുക്കിതൊന്നും അറിയില്ലായിരുന്നു, അറിയില്ല, അറിയില്ല ഞങ്ങൾക്കറിയില്ല... എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ മുൻപ് ആസ്തികരായിരുന്നു. പരിധിയില്ലാത്ത ബാബയെ അറിയില്ലായിരുന്നു. ബാബയാണ് യഥാർത്ഥ അവിനാശിയായ അച്ഛൻ. ബാബയെ സർവ്വ ആത്മാക്കളുടേയും പിതാവ് എന്ന് പറയുന്നു. നിങ്ങൾക്കറിയാം നമ്മളിപ്പോൾ ആ പരിധിയില്ലാത്ത അച്ഛന്റെ സ്വന്തമായിരിക്കുകയാണ്. ബാബ കുട്ടികൾക്ക് ഗുപ്തമായി ജ്ഞാനം തൽകുന്നു. ഈ ജ്ഞാനം മനുഷ്യരുടെ പക്കൽ എവിടെ നിന്നും വരാനാണ്. ആത്മാവും ഗുപ്തമാണ്. ഗുപ്തമായ ജ്ഞാനം ആത്മാവ് തന്നെയാണ് ധാരണ ചെയ്യുന്നത്. ആത്മാവ് തന്നെയാണ് ജ്ഞാനം കേൾപ്പിക്കുന്നത്. ആത്മാവ് തന്നെയാണ് ഗുപ്തമായി ഗുപ്തമായ ബാബയെ ഓർമ്മിക്കുന്നത്. ബാബ പറയുന്നു കുട്ടികളെ ദേഹാഭിമാനിയാകരുത്... ദേഹാഭിമാനത്തിലൂടെ ആത്മാവിന്റെ ശക്തി കുറയുന്നു. ആത്മാഭിമാനിയാകുമ്പോൾ ആത്മാവിൽ ശക്തി നിറയുന്നു. ഡ്രാമയുടെ രഹസ്യം നല്ലതു പോലെ മനസ്സിലാക്കി മുന്നോട്ടു പോകണം എന്നും ബാബ പറയുന്നു. ഈ അവിനാശി നാടകത്തിന്റെ രഹസ്യം നല്ലതു പോലെ അറിയുന്നവർ സദാ ഹർഷിതമായിരിക്കും. ഈ സമയത്ത് മനുഷ്യർ മുകളിലേക്കു പോകുന്നതിനായി പരിശ്രമക്കുന്നു, അവർ ചിന്തിക്കുന്നത് മുകളിലും ലോകമുണ്ട് എന്നാണ്. മുകളിലും ലോകമുണ്ട് അവിടെ പോയി നോക്കണം എന്നാണ് ശാസ്ത്രങ്ങളിൽ നിന്ന് കേട്ടിരിക്കുന്നത്. അവിടെ ലോകം ഉണ്ടാക്കാൻ വേണ്ടി ശ്രമിക്കുന്നു. ഈ ലോകത്തിനേയും വിശാലമാക്കി മാറ്റിയില്ലേ. ഭാരതത്തിൽ ഒരു ആദി സനാതന ദേവീ ദേവതാ ധർമ്മം മാത്രം ഉണ്ടായിരുന്ന സമയത്ത് മറ്റൊരു ഭൂഖണ്ഡവും ഉണ്ടായിരുന്നില്ല. പിന്നീട് എത്രമാത്രം വലുതാക്കി. നിങ്ങൾ ഒന്നു ചിന്തിച്ച് നോക്കൂ, ഭാരതത്തിൽ എത്ര കുറച്ചു ഭാഗത്ത് മാത്രമായിരിക്കും ദേവതകൾ ഉണ്ടായിരുന്നതെന്ന്. യമുനയുടെ തീരത്താണ് ഈ ലക്ഷ്മീ നാരായണൻ രാജ്യം ഭരിച്ചിരുന്നത്. എത്ര സുന്ദരമായ, ശോഭനീയമായ, സതോപ്രധാനലോകമായിരുന്നു. നാച്വറൽ ബ്യൂട്ടിയായിരിക്കും. ആത്മാവിൽ മുഴുവൻ പ്രകാശവും ഉണ്ടായേക്കും. ശ്രീകൃഷ്ണൻ എങ്ങനെയാണ് ജന്മമെടുക്കുന്നതെന്ന് കുട്ടികൾക്ക് സാക്ഷാത്കാരത്തിൽ കാണിച്ചു തന്നിട്ടുണ്ട്. മുറി മുഴുവനും പ്രകാശം നിറയും. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, നിങ്ങളിപ്പോൾ പരിസ്ഥാനിലേക്കു പോകുന്നതിനായി തയാറെടുക്കുകയാണ്. തടാകത്തിൽ പോയി മുങ്ങിക്കുളിച്ചാൽ ദേവതയാകില്ല.

ഇവിടെയെല്ലാം അസത്യമായ പേരുകളാണ്. ലക്ഷക്കണക്കിന് വർഷങ്ങൾ ഉണ്ടെണ് പറയുന്നതിലൂടെ എല്ലാ കാര്യങ്ങളും പൂർണ്ണമായും മറന്നു പോയി. ഇപ്പോൾ നിങ്ങൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് തെറ്റുകൾ ഇല്ലാത്തവരാകുന്നു. ഇത്രയും ചെറിയ ആത്മാവ് എത്ര വലിയ ശരീരമെടുത്താണ് പാർട്ടഭിനയിക്കുന്നതെന്ന് ചിന്തിക്കുന്നുണ്ട്. പിന്നീട് ശരീരത്തിൽ നിന്നും ആത്മാവ് പോയിക്കഴിഞ്ഞാൽ നോക്കണം ശരീരത്തിന്റെ അവസ്ഥ എന്താകുന്നുവെന്ന്. ആത്മാവ് തന്നെയാണ് പാർട്ടഭിനയിക്കുന്നത്. ചിന്തിക്കുന്നതിനുള്ള എത്ര വലിയ കാര്യമാണിത്. മുഴുവൻ ലോകത്തിലേയും അഭിനേതാക്കൾ (ആത്മാക്കൾ) തന്റെ പാർട്ടഭിനയിക്കുന്നു. ഒരു മാറ്റവും വരുത്തുവാൻ സാധിക്കില്ല. മുഴുവൻ അഭിനയവും അതുപോലെ ആവർത്തിക്കുകയാണ്. ഇതിൽ സംശയിക്കേണ്ടതില്ല. ഒരോരുത്തരുടേയും ബുദ്ധിയിൽ വ്യത്യാസമുണ്ട് എന്തുകൊണ്ടെന്നാൽ ആത്മാവ് മനസ്സും ബുദ്ധിയും സഹിതമുള്ളതല്ലേ. നമുക്ക് സ്കോളർഷിപ്പ് നേടണം എന്ന് കുട്ടികൾക്കറിയാം, അതുകൊണ്ട് ഉള്ളിൽ സന്തോഷമുണ്ടാകും. ഇവിടെ അകത്തേക്കു പ്രവേശിക്കുമ്പോൾ ലക്ഷ്യത്തെ മുന്നിൽ കാണുമ്പോൾ സന്തോഷം തീർച്ചയായും വരും. ഇപ്പോൾ നിങ്ങൾക്കറിയാം ഇവിടെ നമ്മൾ ഈ ദേവീ ദേവതയാകാൻ വേണ്ടി പഠിക്കുകയാണ്. അടുത്ത ജന്മത്തിലെ ലക്ഷ്യം കണ്ടുകൊണ്ട് പഠിപ്പിക്കുന്ന സ്കൂൾ മറ്റെവിടെയും ഉണ്ടായിരിക്കില്ല. നിങ്ങൾക്കറിയാം നമ്മൾ ലക്ഷ്മീ നാരായണനായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമ്മൾ സംഗമയുഗത്തിലാണ് ഇവിടെയിരുന്നുകൊണ്ട് നമ്മൾ ഭാവിയിൽ ഈ ലഷ്മീ നാരായണനാകാൻ വേണ്ടി പഠിച്ചുകൊണ്ടിരിക്കുന്നു. എത്ര ഗുപ്തമായ പഠിത്തമാണ്. ലക്ഷ്യം കാണുമ്പോൾ എത്ര സന്തോഷമുണ്ടായിരിക്കണം. സന്തോഷത്തിന് അളവില്ല. സ്കൂളോ, പാഠശാലയോ ആണെങ്കിൽ ഇങ്ങനെയായിരിക്കണം. വളരെ ഗുപ്തമാണ് എന്നാൽ ഉയർന്ന പാഠശാലയാണ്. പഠിത്തം ഉയർന്നതാണെങ്കിൽ അത്രയും തന്നെ സൗകര്യവും ഉണ്ടായിരിക്കും. എന്നാൽ ഇവിടെ നിങ്ങൾ നിലത്തിരുന്നാണ് പഠിക്കുന്നത്. ആത്മാവിന് പഠിക്കണമെങ്കിൽ നിലമായാലും, സിംഹാസനമായാലും സന്തോഷത്താൽ തുള്ളിച്ചാടണം. നമ്മൾ ഈ പഠിത്തം ജയിച്ച് ദേവതയാകും. ഇപ്പോൾ ബാബ വന്ന് നിങ്ങൾ കുട്ടികൾക്ക് തന്റെ പരിചയം നൽകുകയാണ്. അതായത് ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ച് നിങ്ങളെ പഠിപ്പക്കുന്നു. ബാബ ദേവതകളെ പഠിപ്പിക്കുന്നില്ല. ദേവതകൾക്ക് ഈ ജ്ഞാനം എവിടെ നിന്ന് ലഭിക്കും. ദേവതകൾക്ക് ഈ ജ്ഞാനമില്ലെന്നോ.... ദേവതകൾക്ക് ഈ ജ്ഞാനമില്ലെന്ന് കേൾക്കുമ്പോൾ മനുഷ്യർ അമ്പരക്കുന്നു. ദേവതയായതിന് ശേഷം ഈ ജ്ഞാനം എന്തിനാണ്. ലൗകികത്തിൽ പഠിച്ച് വക്കീലായിക്കഴിഞ്ഞ് സമ്പാദിക്കാൻ തുടങ്ങിയാൽ വീണ്ടും ആരെങ്കിലും വക്കീൽ ഭാഗം പഠിക്കുമോ? ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും ,സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) അവിനാശിയായ നാടകത്തിന്റെ രഹസ്യം യഥാർത്ഥ രീതിയിൽ മനസ്സിലാക്കി ഹർഷിതമായിരിക്കണം. ഈ നാടകത്തിൽ ഓരോരുത്തർക്കും അവരവരുടെ പാർട്ടാണ്, അത് വീണ്ടും അഭിനയിച്ചുകൊണ്ടിരിക്കുന്നു.

2) ലക്ഷ്യം മുന്നിൽ വച്ച് സന്തോഷത്താൽ തുള്ളിച്ചാടണം. നമ്മൾ ഈ പഠിത്തത്തിലൂടെ ലക്ഷ്മീ നാരായണനാകും എന്ന് ബുദ്ധിയിലുണ്ടായിരിക്കണം.

## വരദാനം-ഓർമ്മയുടെയും സേവനത്തിന്റെയും ആധാരത്തിൽ തീവ്രഗതിയിലൂടെ മുന്നോട്ട് പോകുന്ന മായാജീത് ആയി ഭവിക്കട്ടെ.

ബ്രാഹ്മണ ജീവിതത്തിന്റെ ആധാരം ഓർമ്മയും,സേവനവുമാണ്.ഈ രണ്ട് ആധാരങ്ങളും സദാ ശക്തിശാലികളാണെങ്കിൽ തീവ്രഗതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കും.സേവനം അധികമുണ്ടെങ്കിൽ ഓർമ്മ ദുർബലവും, ഓർമ്മ നല്ലതാണെങ്കിൽ സേവനം കുറവും ആണെങ്കിലും തീവ്രഗതി ഉണ്ടാവുകയില്ല.ഓർമ്മയിലും സേവനത്തിലും രണ്ടിലും തീവ്രഗതി ഉണ്ടായിരിക്കണം.ഓർമ്മയും,നിസ്വാർത്ഥ സേവനവും ഒപ്പമൊപ്പമാണെങ്കിൽ എളുപ്പത്തിൽ മായാജീത് ആയി മാറാൻ കഴിയും.ഓരോ കർമ്മത്തിലും,കർമ്മം അവസാനിക്കുന്നതിനു മുൻപുതന്നെ വിജയം കാണപ്പെടാനാകും.

## സ്ലോഗൻ - ഈ ലോകത്തെ ഒരു അലൗകീകമായ കളി പോലെയും,പരിതസ്ഥിതികളെ അലൗകീകമായ കളിപ്പാട്ടം പോലെയും കണ്ട് മുന്നോട്ട് പോയിക്കൊണ്ടിരിക്കൂ.